# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: 283

10.07.2015 - ൽ
മറുപടിക്ക്

## കൃഷി ഫാമുകളുടെ ശാക്തീകരണം

ചോദ്യം

ശ്രീ.കെ.ശിവദാസൻ നായർ
ശ്രീ.ജോസഫ് വാഴയ്ക്കൻ
ശ്രീ.ഹൈബി ഈഡൻ

മറുപടി

ശ്രീ.കെ.പി.മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

എ) കൃഷി വകുപ്പിന്റെ കീഴിലുള്ള ഫാമുകൾ ശാക്തീകരിക്കുവാൻ ആസൂത്രണം ചെയ്തിരിക്കുന്ന കർമ്മ പദ്ധതികൾ വിശദമാക്കുമോ ;

എ) കൃഷി വകുപ്പിന്റെ കീഴിലുള്ള ഫാമുകളുടെ ശാക്തീകരണത്തിന്റെ ഭാഗമായി വിവിധ കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നുണ്ട്.

എല്ലാ ഫാമുകളിലും അടിസ്ഥാന സൗകര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തിയും ജലസേചനം, മണ്ണുസംരക്ഷണം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ചും വിവിധയിനം നടീൽ വസ്തുക്കളുടെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചും പദ്ധതികൾ നടപ്പിലാക്കി വരുന്നു. എല്ലാ ഫാമുകളിലും നിലവിലുള്ള ഭൂമി പരമാവധി ഉപയോഗിക്കു വാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നുണ്ട്. ഇതിന്റെ ഭാഗമായി ഫാമുകളുടെ ഭൂമി വിശദമായ സർവ്വെ നടത്തി അതിരുകൾ തിട്ടപ്പെടുത്തി ഫെൻസിംഗ് (കമ്പി വേലി) നിർമ്മിക്കുന്നതിനായുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

1) നടീൽ വസ്തുക്കളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് ആധുനിക കൃഷി രീതികൾ ഫാമുകളിൽ നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി തെരഞ്ഞെടുത്ത ഫാമുകളിൽ ടിഷ്യുകൾച്ചർ ലാബുകൾ, ഹൈടെക് പോളി ഹൗസുകൾ, ടിഷ്യുകൾച്ചർ ഹാർഡനിംഗ് യൂണിറ്റുകൾ എന്നിവ പ്രവർത്തിച്ചു തുടങ്ങിയിട്ടുണ്ട്.

2) ഫാമുകളുടെ ശാക്തീകരണത്തിന്റെ ഭാഗമായി ഫാമുകളിൽ യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

3) ഫാമുകളിൽ ജൈവകൃഷി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ജൈവവളങ്ങളും ജൈവ കീടനാശിനികളും മാത്രമെ ഉപയോഗിക്കാവൂ എന്ന് എല്ലാ ഫാമുകൾക്കും നിർദേശം നൽകിയിട്ടുണ്ട്. ആയത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി എല്ലാ ജില്ലാ കൃഷി ത്തോട്ടങ്ങളിലും ഡയറി യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ തയ്യാറാക്കിയിട്ടുണ്ട്. നിലവിൽ 12 ഫാമുകളിൽ ഡയറിയൂണിറ്റുകൾ നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നുണ്ട്. ഡയറി യൂണിറ്റുകളിൽ നിന്നു ലഭിക്കുന്ന ചാണകം, ഗോമൂത്രം എന്നിവ ജൈവകൃഷിയ്ക്കായി ഉപയോഗിക്കുന്നു. ഇവ കൂടാതെ മണ്ണിര കമ്പോസ്റ്റ് , മറ്റ് ജൈവ വളങ്ങൾ എന്നിവ ഫാമുകളിൽ തന്നെ ഉല്പാദിപ്പിച്ച് ഉപയോഗിച്ചുവരുന്നു.

4) ഫാമുകളിലെ ഒഴിവുള്ള തസ്തികകളിൽ ആവശ്യമുള്ള ജീവനക്കാരെ നിയമിക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു. ഫാമുകളുടെ പ്രവർത്തനം വിലയിരുത്തി മേൽനോട്ടം വഹിക്കുന്നതിന് എല്ലാ ഫാമുകളിലും ഫാം തല ഉപദേശക സമിതികൾ രൂപീകരിച്ച് പ്രവർത്തനം നടത്തി വരുന്നുണ്ട്.

5) ഫാമുകളിലെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി ഉല്പാദനം കുറഞ്ഞതും പ്രായം കൂടിയതുമായ ഫലവൃക്ഷങ്ങൾ മുറിച്ചുമാറ്റി

പകരം അത്യൽപാദന ശേഷിയുള്ളതും വാണിജ്യ പ്രാധാന്യമുള്ളതുമായ ഫലവൃക്ഷങ്ങൾ വച്ചു പിടിപ്പിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത് കൂടാതെ കുരുമുളക് തൈകൾ, കുറിയ ഇനം തെങ്ങിൻ തൈകൾ എന്നിവയും ഫാമുകളിൽ വച്ചുപിടിപ്പിച്ചിട്ടുണ്ട്.

| | |
|---|---|
| ബി) ഇതിനായി ഫാമുകളിൽ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ; | ബി) ഫാമുകളിൽ ജലസേചന സൗകര്യം ഉൾപ്പെടെയുള്ള ഭൗതീക സാഹചര്യങ്ങൾ ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്. എല്ലാ ഫാമുകളിലും അടിസ്ഥാന സൗകര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനായി ജലാശയങ്ങൾ സംരക്ഷിച്ചും മണ്ണിനെ സംരക്ഷിച്ചും നിലവിൽ തരിശായി കിടക്കുന്ന സ്ഥലത്തെ കൃഷി യോഗ്യമാക്കിയെടുത്തും വിവിധയിനം നടീൽ വസ്തുക്കളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>എല്ലാ സർക്കാർ കൃഷി ഫാമുകളിലും ആവശ്യത്തിന് തൊഴിലാളികൾ നിലവിലുണ്ട്. തൊഴിലാളികളെ ആവശ്യമുള്ളപ്പോൾ ദിവസവേതനാടിസ്ഥാനത്തിൽ നിയോഗിക്കാറുണ്ട്.<br>ഫാമുകളിൽ ആധുനിക കൃഷി രീതികൾ അവലംബിച്ച് നടീൽ വസ്തുക്കളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ഫാമുകളിൽ കീടരോഗ വിമുക്ത നടീൽ വസ്തുക്കൾ ഉല്പാദിപ്പിക്കുന്നതിനുള്ള ടിഷ്യൂകൾച്ചർ ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഗുണമേന്മയുള്ള പച്ചക്കറി തൈകൾ ഉല്പാദിപ്പിക്കുന്നതിനായി പോളി ഹൗസുകളും, ടിഷ്യൂകൾച്ചർ ഹാർഡനിംഗ് യൂണിറ്റുകളും വിവിധ ഫാമുകളിലായി നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നുണ്ട്.<br>ഫാമുകളിലെ ഉല്പന്നങ്ങളിൽ നിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനായി ഫ്രൂട്ട് പ്രോസസിംഗ് യൂണിറ്റുകൾ ഏതാനും ഫാമുകളിൽ നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നുണ്ട്. ഫാമുകളിലെ അടിസ്ഥാന സൗകര്യങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കാർഷിക യന്ത്രങ്ങളും യന്ത്രവൽകൃത ആധുനിക കാർഷിക പണിയായുധങ്ങളും വിവിധ കാർഷിക പ്രവർത്തനങ്ങൾക്കായി ഫാമുകളിൽ ഉപയോഗിച്ചു വരുന്നുണ്ട്. |
| സി) ശാക്തീകരണത്തിന്റെ ഭാഗമായി സൗന്ദര്യവൽക്കരണത്തിലും പ്രവർത്തനത്തിലും ഫാമുകൾ തമ്മിൽ മത്സരം ഉണ്ടാക്കിയെടുക്കുവാൻ സമ്മാനപദ്ധതി ഏർപ്പെടുത്തുവാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ; | സി) ശാക്തീകരണത്തിന്റെ ഭാഗമായി സൗന്ദര്യവൽക്കരണത്തിലും ഉല്പാദന മേഖലയിലും വിപണന മേഖലയിലും മികവ് കാട്ടുന്ന ഫാമുകൾക്ക് സമ്മാനങ്ങൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| ഡി) ഇതിനായി സ്വീകരിച്ച നടപടി വ്യക്തമാക്കുമോ ? | ഡി) പ്രസ്തുത സമ്മാന പദ്ധതിയെക്കുറിച്ച് പരസ്യം നൽകുകയും അപേക്ഷയിന്മേലുള്ള ഫീൽഡ്തല പരിശോധനകൾ നടക്കുന്നുമുണ്ട്. |

Sd/-

**സെക്ഷൻ ഓഫീസർ**